പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2546 — 18.06.2014 ന് മറുപടിയ്ക്ക്.

*വെസ്റ്റ് എം.ജി. ഐ.ടി.ഐ. യിലെ പ്രശ്നങ്ങൾ*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ): | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| ജില്ലയിലെ ഏക വനിത ഐ.ടി.ഐ. ആയ വെസ്റ്റ് എം.ജി. ഐ.ടി.ഐ.യിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത ഐ.ടി.ഐ. യിലെ അദ്ധ്യാപകക്ഷാമം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ എപ്പോൾ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | കാസർഗോഡ് ജില്ലയിലെ വനിത ഐ.ടി.ഐ. വെസ്റ്റ് എളേരിയിലാണ് ഉള്ളത്. സ്ഥലം, കെട്ടിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം ലഭ്യമാക്കണം എന്നതിനെ അടിസ്ഥാനമാക്കിയാണ് വെസ്റ്റ് എളേരി (വനിത) ഐ.ടി.ഐ. ആരംഭിച്ചിട്ടുള്ളത്. ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനം താൽക്കാലികമായി ലഭ്യമാക്കിയിട്ടുള്ള കെട്ടിട ത്തിലാണ് ഐ.ടി.ഐ. പ്രവർത്തിച്ചുവരുന്നത്. ഇതുവരെ ട്രേഡുകൾക്കാവശ്യമായ 14,13,777/-രൂപയുടെ യന്ത്രോപകരണങ്ങൾ സംഭരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഐ.ടി.ഐ.യ്ക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>വെസ്റ്റ് എളേരി ഐ.ടി.ഐ. യിൽ നിലവിലുള്ള തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാലാണ് സ്ഥിരം അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കാത്തത്. ആയതിന്റെ അഭാവത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രൊവിഷണൽ ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ